പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3769 19/02/2013-ൽ മറുപടിക്ക്

**കലാസാംസ്കാരിക പ്രവർത്തകർക്കായി ക്ഷേമപദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ വി.ഡി.സതീശൻ<br>" എം.പി.വിൻസെന്റ്<br>" ജോസഫ് വാഴക്കൻ<br>" ഷാഫി പറമ്പിൽ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ബഹു : വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി |
| എ) സംസ്ഥാനത്തെ കലാസാംസ്കാരിക പ്രവർത്തകർക്കായി ക്ഷേമപദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്; കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്കും ഇപ്പോൾ പ്രവർത്തിച്ചുവരുന്നതുമായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് 2011 ഫെബ്രുവരി മാസം വിജ്ഞാപനം ചെയ്യുകയും ടി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം ഒരു ക്ഷേമപദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) 2010 -ലെ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കലാ സാംസ്കാരിക പ്രവർത്തകർ 60 വയസ്സിനുള്ളിൽ തുടർച്ചയായി അംശദായം അടച്ചിട്ടുണ്ടെങ്കിൽ, 60 വയസ്സാകുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷന് അർഹതയുണ്ട്. അതോടൊപ്പം, 60വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർ അഞ്ചു വർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധിയിൽ അംഗമാകുന്നതോടുകൂടി അവർക്കും പെൻഷന് അർഹതയുണ്ട്. കുറഞ്ഞത് 2 വർഷം അംശദായം അടച്ച അംഗമോ,പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബപെൻഷന് അർഹതയുണ്ട്. കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ, അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹാവശ്യത്തിനായി ധന സഹായം നൽകുന്ന പദ്ധതിയും സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവകൂടാതെ പുറമേ അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്, ചില വ്യവസ്ഥകൾക്കു വിധേയമായി, ചികിത്സാ സഹായം അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം, പ്രസവാനുകൂല്യം, എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സി) ഏതെല്ലാം കലാമേഖലകളിൽ പ്രവർത്തിക്കുന്നവരെയാണ് ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

സി) 2010 - ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് നിർവചിച്ചിരിക്കുന്ന സാംസ്കാരിക പ്രവർത്തകൻ /പ്രവർത്തകയെയാണ് ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സിനിമ, ഇലക്ട്രോണിക് മാധ്യമം, കേബിളും,കേബിൾ ശൃംഖലയും, നാടകം, സംഗീതം, കഥകളി, ഗാനമേള ,അനുകരണകല, സാഹിത്യം,ചിത്രരചന, ശിൽപ്പകല,നാടൻകലകൾ ,അനുഷ്ഠാനകലകൾ, സെമിക്ലാസിക്കൽ കലകൾ, നാടൻ പാട്ടുകൾ, മേക്കപ്പ്, വാദ്യകലകൾ , മാജിക്, സർക്കസ്സ്, മാർഗ്ഗംകളി,ചവിട്ടുനാടകം,കാർട്ടൂൺ ,കഥാപ്രസംഗം,പുരാണപാരായണം, ബൈബിൾ പാരായണം, ഖുറാൻ പാരായണം, മാപ്പിള കലകൾ പന്തൽ അലങ്കാരം, ശബ്ദവും, വെളിച്ചവും വസ്ത്രരൂപകൽപ്പന, പരസ്യകല, പെയിന്റിംഗ്, കോംപിയറിംഗ്, ഫോട്ടോഗ്രാഫി എന്നീ മേഖലകളിലെ ഏതെങ്കിലും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്ന ഏതൊരാളുംഅല്ലെങ്കിൽ തന്റെ ഉപജീവനത്തിനായി അങ്ങനെയുള്ള മറ്റേതെങ്കിലും രൂപത്തിലുള്ള കല, സാഹിത്യം, സംസ്കാരം, സാംസ്കാരിക പ്രഭാഷണം അതു പോലെയുള്ള മറ്റു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതൊരാളും അല്ലെങ്കിൽ പ്രസ്തുത ആക്ടിന്റെ ആവശ്യത്തിലേക്കായി വിജ്ഞാപനം മൂലം സർക്കാർ പ്രഖ്യാപിക്കുന്ന അങ്ങനെയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നതോ, ഏർപ്പെട്ടിരുന്നവരോ ആയ ഏതൊരാളും സാംസ്കാരിക ക്ഷേമനിധിയുടെ പരിധിയിൽ വരുന്നു.

ഡി) ക്ഷേമപദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് ആരാണ് നേതൃത്വം നൽകുന്നത്?

ഡി) 2010 - ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡാണ് ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ